പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5667

02/07/2014-ൽ
മറുപടിയ്ക്കു്

**ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംവരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ദേവസ്വം ബോർഡുകളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും പ്രവർത്തിക്കുന്ന എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് അവയുടെ പേരു സഹിതം വ്യക്തമാക്കാമോ; | എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 5 കോളേജുകളും, 26 സ്കൂളുകളും പ്രവർത്തിക്കുന്നു. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല. എന്നാൽ മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിൽ 11 സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ 3 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിൽ 3 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇവയുടെയെല്ലാം പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) സ്കൂളുകളിലും കോളേജുകളിലും അദ്ധ്യാപക-അനദ്ധ്യാപകരെ നിയമിക്കുന്നത് പി.എസ്.സി. മുഖേനയാണോയെന്നും അല്ലെങ്കിൽ നിയമനരീതി എങ്ങനെയാണെന്നും വിശദമാക്കുമോ; | ബി) ദേവസ്വം ബോർഡുകളിൽ പി.എസ്.സി. മുഖേനയല്ല നിയമനങ്ങൾ നടത്തുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് കോളേജുകളിലെ അദ്ധ്യാപക നിയമനവും അനദ്ധ്യാപക നിയമനവും ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുടെ സ്റ്റാറ്റ്യൂട്ട് പ്രകാരം രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റികളുടെ ശുപാർശയനുസരിച്ചാണ്. അദ്ധ്യാപക നിയമനത്തിനുള്ള സെലക്ഷൻ കമ്മിറ്റിയിൽ ബോർഡിന്റെ രണ്ട് നോമിനിയും ഗവൺമെന്റിന്റെ ഒരു പ്രതിനിധിയും, ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയിൽ നിന്നും അതതു വിഷയങ്ങളിലുള്ള ഒരു സബ്ജക്ട് എക്സ്പെർട്ടും കോളേജ് പ്രിൻസിപ്പാളോ വകുപ്പ് മേധാവികളിൽ ഒരാളോ അടങ്ങിയിരിക്കുന്നു. അനദ്ധ്യാപക നിയമന കമ്മിറ്റിയിൽ മാനേജ്മെന്റിന്റെ രണ്ട് പ്രതിനിധികളും ആർ.ഡി.ഒ. അല്ലെങ്കിൽ ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള ഒരു സർക്കാർ പ്രതിനിധിയും ഉണ്ടായിരിക്കും. സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്ക് മറ്റ് അവകാശികളില്ലാത്ത ഒഴിവുകളിൽ അദ്ധ്യാപക/അനദ്ധ്യാപക നിയമനം നടത്തുന്നത് മതിയായ പരസ്യം നൽകി യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് സ്വീകാര്യമായ അപേക്ഷകരെ നിയമാനുസൃതമായിട്ടുള്ള ഒരു സെലക്ഷൻ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഉദ്യോഗാർത്ഥികളുടെ കൂടിക്കാഴ്ച നടത്തി ഒരു വർഷത്തെ പ്രാബല്യത്തിൽ |

റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നായിരിക്കണം ഒഴിവുകൾ നികത്തേണ്ടതെന്ന് ബഹു. ഹൈക്കോടതി ഉത്തരവിറക്കി യിട്ടുണ്ട്. ഇപ്പോഴത്തെ ഒഴിവുകൾ നികത്തുന്നതിന് ഇത്തരത്തിലുള്ള നടപടിക്രമമാണ് അവലംബിക്കുന്നത്. സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ സംബന്ധിച്ച് ബഹു. ഹൈക്കോടതി അംഗീകരിച്ച മാർഗ്ഗരേഖ നിലവിലുണ്ട്.

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ കോഴിക്കോട്, തലശ്ശേരി, കാസർഗോഡ് ഡിവിഷനിലെ ക്ഷേത്രങ്ങളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മലബാർ ദേവസ്വം ബോർഡ് പ്രത്യേക ഇന്റർവ്യൂ ബോർഡ് രൂപീകരിച്ചാണ് നിയമനം നടത്തുന്നത്. കാസർഗോഡ് ഡിവിഷനിൽ പാലക്കുന്ന് ഭഗവതി ക്ഷേത്രത്തിന്റെ കീഴിലുള്ള അംബിക എ.എൽ.പി. സ്കൂളിലെ നിയമനം നടത്തുന്നത് ദേവസ്വ ത്തിന്റെ തന്നെ വിദ്യാഭ്യാസ സമിതിയാണ്. പാലക്കാട് ഡിവിഷനിൽ അതാത് ക്ഷേത്ര ഭരണാധികാരികൾ മാനേജർമാർ എന്ന നിലയിൽ സ്കൂളിലെ നിയമനങ്ങൾ നടത്തിവരുന്നു.

കൊച്ചിൻ ദേവസ്വം ബോർഡിൽ പി.എസ്.സി. മുഖേനയല്ല, കാലാകാലങ്ങളിലുള്ള ദേവസ്വം ബോർഡുകൾ സർക്കാർ, യൂണിവേഴ്സിറ്റി നിയമനങ്ങൾക്കനുസൃതമായാണ് നിയമനം നടത്തുന്നത്.

ഗുരുവായൂർ ദേവസ്വത്തിൽ കോളേജ് അദ്ധ്യാപകരെ നിയമിക്കുന്നത് കോഴിക്കോട് സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടിലെ നിയമങ്ങൾക്ക് വിധേയമാണ്. സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിച്ചിട്ടുള്ള നിയമന ബോർഡിൽ ദേവസ്വത്തിന്റെ നിയമന ഉപസമിതി അംഗങ്ങൾ, അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത സർക്കാർ പ്രതിനിധി, യൂണിവേഴ്സിറ്റി യിൽ നിന്നും അതതു വിഷയങ്ങളിലുള്ള സബ്ജക്ട് എക്സ്പെർട്ട് എന്നിവരടങ്ങുന്ന നിയമന സമിതിയാണ്. കോളേജിൽ അനദ്ധ്യാപകരെ നിയമിക്കുന്നതിന് ദേവസ്വ ത്തിന്റെ നിയമന ഉപസമിതി, ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത സർക്കാർ പ്രതിനിധി എന്നിവരടങ്ങുന്ന നിയമന സമിതിയാണ്. സ്കൂളിലെ അദ്ധ്യാപകരെ നിയമിക്കുന്നതിന് ദേവസ്വത്തിന്റെ നിയമന ഉപസമിതി, ആർ.ഡി.ഒ. റാങ്കിൽ കുറയാത്ത സർക്കാർ പ്രതിനിധി. സബ്ജക്ട് എക്സ്പെർട്ട് എന്നിവരടങ്ങുന്ന നിയമന സമിതിയാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ നടത്തുന്നത് ദേവസ്വത്തിന്റെ നിയമന ഉപസമിതി നേരിട്ടാണ്.

| | | | |
|---|---|---|---|
| സി) | ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്കൂൾ കോളേജ് നിയമനങ്ങ | സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എയിഡഡ് കോളേജുകളിലേയും എയിഡഡ് സ്കൂളുകളിലെയും നിയമന ങ്ങളിൽ സംവരണം ഇല്ല. മലബാർ ദേവസ്വം ബോർഡിൽ സംവരണതത്വം പാലിക്കുന്നില്ല. ആയതിന് പ്രത്യേക വ്യവസ്ഥ |

| | | | |
|---|---|---|---|
| | ളിൽ സംവരണതത്വം പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | | യൊന്നും ക്ഷേത്രങ്ങൾ നടത്തിവരുന്ന സ്കൂളുകളിൽ നിലവിലില്ല. കൊച്ചിൻ ദേവസ്വം ബോർഡിൽ കോളേജ്/സ്കൂളുകളിലേക്കുള്ള എല്ലാ നിയമനങ്ങളും ജനറൽ വിഭാഗത്തിലാണ് നടത്തുന്നത്. അതുകൊണ്ടുതന്നെ സംവരണതത്വം പാലിക്കുന്നില്ല. ഗുരുവായൂർ ദേവസ്വത്തിൻെറ കോളേജ്, സ്കൂൾ നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ട് എന്ന് ദേവസ്വം അറിയിച്ചിട്ടുണ്ട്. |
| ഡി) | ദേവസ്വം ബോർഡിൻെറ ഉടമസ്ഥതയിലുള്ള കോളേജുകളിലെ അദ്ധ്യാപകർക്ക് യു.ജി.സി നിരക്കിലാണോ ശംബളം ലഭിക്കുന്നത് എന്നറിയിക്കുമോ; | ഡി) | ദേവസ്വം ബോർഡുകളുടെ കീഴിലുള്ള എയിഡഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് യു.ജി.സി. നിരക്കിലുള്ള ശംബളമാണ് നൽകുന്നത്. |
| ഇ) | യു.ജി.സി ചട്ടമനുസരിച്ച് ദേവസ്വം ബോർഡ് കോളേജുകളിൽ സംവരണതത്വം പാലിക്കാത്തതിൻെറ കാരണം വിശദമാക്കാമോ; | ഇ) & എഫ്) | യു.ജി.സി. ചട്ടങ്ങൾക്കനുസൃതമായി ഓരോ യൂണിവേഴ്സിറ്റിയും അവരുടെ സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്തു കഴിഞ്ഞാൽ മാത്രമേ അത് നിർബന്ധമാക്കാനും അതനുസരിച്ച് ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷകൾ ക്ഷണിക്കുവാനും സാധിക്കുകയുള്ളൂ. നിയമനങ്ങൾ അംഗീകാരം നൽകുന്നത് അതത് യൂണിവേഴ്സിറ്റികളായതിനാൽ Appointment of vacancies –നെ സംബന്ധിച്ച് അതത് യൂണിവേഴ്സിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിച്ചെങ്കിൽ മാത്രമേ ടി ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷകൾ ക്ഷണിക്കാൻ കഴിയുകയുള്ളൂവെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിൽ കോളേജ്/സ്കൂളുകളിലേക്കുള്ള എല്ലാ നിയമനങ്ങളും ജനറൽ വിഭാഗത്തിൽ ആണ് നടത്തുന്നത്. ഗുരുവായൂർ ദേവസ്വത്തിനെ സംബന്ധിച്ച് എയ്ഡഡ് കോളേജുകളിലെ നിയമനങ്ങൾക്ക് ഏതെങ്കിലും വിഭാഗങ്ങൾക്ക് എന്തെങ്കിലും സംവരണത്തിന് യു.ജി.സി. യുടെ ചട്ടം നിലവിലില്ല. എന്നിരുന്നാലും ഗുരുവായൂർ ദേവസ്വം ആക്റ്റ് 19 പ്രകാരം ദേവസ്വത്തിലെ എല്ലാ നിയമനങ്ങളിലും 10% എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് സംവരണം ചെയ്തിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത നിയമം പൂർണ്ണമായും പാലിക്കപ്പെട്ടുകൊണ്ടാണ് ഗുരുവായൂർ ദേവസ്വത്തിൻെറ കീഴിലുള്ള സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ നിയമനം നടത്തുന്നത്. |
| എഫ്) | നിയമനങ്ങളിൽ സംവരണതത്വം പാലിച്ച് അർഹമായ മുഴുവൻ തസ്തികകളിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യോഗ്യതയുള്ളവർക്ക് നിയമനം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### തിരുവിതാംകൂർ ദേവസ്വം ബോർഡ്

**കോളേജുകൾ**

(1) ഡി.ബി. കോളേജ്, ശാസ്താംകോട്ട. (2) ശ്രീ. അയ്യപ്പ കോളേജ്, ഇരമല്ലിക്കര. (3) ഡി.ബി. പമ്പാ കോളേജ്, പരുമല. (4) ഡി.ബി. കോളേജ്, തലയോലപറമ്പ്. (5) ഡി.ബി. കോളേജ്, കീഴൂർ (സ്വാശ്രയ കോളേജ്).

**എൽ.പി. സ്കൂൾ**

(1). ഡി.ബി.എൽ.പി.എസ്., വായ്പൂർ, പത്തനംതിട്ട (2) ഡി.ബി.എൽ.പി.എസ്., ആശ്രാമം, കൊല്ലം. (3) ഡി.ബി.എൽ.പി.എസ്., പച്ച, തിരുവനന്തപുരം (4) ഡി.ബി.എൽ.പി.എസ്., മാമ്പഴത്തറ, കൊല്ലം (5) ഡി.ബി.എൽ.പി.എസ്., കൊല്ലം.

**യു.പി. സ്കൂൾ**

(1) ഡി.ബി.യു.പി.എസ്., ചങ്ങനാശ്ശേരി, ആലപ്പുഴ (2) ഡി.ബി.യു.പി.എസ്. അങ്ങാടിക്കൽ നോർത്ത്, പത്തനംതിട്ട (3) കെ.ജെ.എം.ഡി.ബി.യു.പി.എസ്, പാരിപ്പള്ളി, കൊല്ലം

(4) ഡി.ബി.യു.പി.എസ്., വിളക്കുടി, കൊല്ലം 5) ഹിന്ദു യു.പി.എസ്., എരമല്ലിക്കര, ആലപ്പുഴ.

**ഹൈസ്കൂൾ**

(1) ഡി.ബി.എച്ച്.എസ്. കങ്ങഴ, കോട്ടയം (2) ഡി.ബി.എച്ച്.എസ്., എരുമേലി, കോട്ടയം (3) ഡി.ബി.എച്ച്.എസ്.എസ്, തിരുവല്ല, പത്തനംതിട്ട (4) ഡി.ബി.എച്ച്.എസ്.എസ്, ചെറിയനാട്, ആലപ്പുഴ (5) ഡി.ബി.എച്ച്.എസ്.എസ്, പരുമല, പത്തനംതിട്ട (6) ഡി.ബി.എച്ച്.എസ്.എസ്, തകഴി, ആലപ്പുഴ (7) ഡി.ബി.എച്ച്.എസ്., വാമനപുരം, തിരുവനന്തപുരം, (8) ഡി.ബി.എച്ച്.എസ്. തൃക്കാരിയൂർ, എറണാകുളം.

**ഹയർ സെക്കൻററി**

(1) ഡി.ബി.എച്ച്.എസ്..എസ്. തകഴി, ആലപ്പുഴ, (2) ഡി.ബി.എച്ച്.എസ്.എസ്. തിരുവല്ല, പത്തനംതിട്ട (3) ഡി.ബി.എച്ച്.എസ്..എസ്. ചെറിയനാട്, ആലപ്പുഴ

(4) ഡി.ബി.എച്ച്.എസ്.എസ്. പരുമല, പത്തനംതിട്ട

### മലബാർ ദേവസ്വം ബോർഡ്

(1) എൽ.പി. സ്കൂൾ, കൊല്ലം (2) എൻ.എ.എ.യു.പി. സ്കൂൾ (കോഴിക്കോട് ഡിവിഷൻ)

(3) മുണ്ടയാംപറമ്പ് എ.എൽ.പി. സ്കൂൾ (തലശ്ശേരി ഡിവിഷൻ)

(4) ഗാന്ധിവിലാസം എ.എൽ.പി. സ്കൂൾ, ബ്ലാത്തൂർ (5) അംബിക–എ.എൽ.പി. സ്കൂൾ, ഉദുമ

(6) ശങ്കരനാരായണ എ.എൽ.പി. സ്കൂൾ, കോളിയൂർ (കാസർഗോഡ് ഡിവിഷൻ)

(7) ഹേമാംബിക സംസ്കൃത സ്കൂൾ, ഹൈസ്കൂൾ, കല്ലേകുളങ്ങര, (8) മുനികുടം എൽ.പി.സ്കൂൾ, കൊല്ലങ്കോട് (9) പാലക്കാട് യു.പി.സ്കൂൾ, കൊല്ലങ്കോട് (10) ടി.കെ.ഡി.യു.പി. സ്കൂൾ പയ്യല്ലൂർ (11) എൽ.പി. സ്കൂൾ (പാലക്കാട് ഡിവിഷൻ)

### കൊച്ചിൻ ദേവസ്വം ബോർഡ്.

(1) ശ്രീ. കേരള വർമ്മ കോളേജ്, തൃശ്ശൂർ (2) ശ്രീ. വിവേകാനന്ദ കോളേജ് കുന്നംകുളം

(3) പാഠശാല സംസ്കൃത ഹൈസ്കൂൾ, ചിറ്റൂർ.

### ഗുരുവായൂർ ദേവസ്വം

(1) ശ്രീകൃഷ്ണ കോളേജ്, അരിയന്നൂർ. (2) ശ്രീകൃഷ്ണ ഹയർ സെക്കൻററി സ്കൂൾ, ഗുരുവായൂർ (3) ഗുരുവായൂർ ദേവസ്വം ഇംഗ്ലീഷ് മീഡിയം സ്കൂൾ (സി.ബി.എസ്.ഇ. അഫിലിയേറ്റഡ്)

സെക്ഷൻ ഓഫീസർ